പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

## കൊല്ലത്തെ പി.എം.ജി.എസ്.വൈ. പ്രവൃത്തികൾ

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1651

12-06-2019-ൽ മറുപടി

| | ചോദ്യം<br>ശ്രീമതി.പി.അയിഷാ പോറ്റി | | മറുപടി<br>ശ്രീ. എ. സി. മൊയ്തീൻ<br>(തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | കൊട്ടാരക്കര, വെട്ടിക്കവല എന്നീ ബ്ലോക്ക് പഞ്ചായത്തുകളിൽ നിലവിൽ പുരോഗമിക്കുന്ന പി.എം.ജി.എസ്.വൈ. പ്രകാരമുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | പി.എം.ജി.എസ്.വൈ. പദ്ധതി പ്രകാരം കൊട്ടാരക്കര ബ്ലോക്കിൽ മാലയിൽ മലപ്പുറ്റുർ വൈദ്യൻകുന്ന് റോഡ് എന്ന പ്രവൃത്തിയും, വെട്ടിക്കവല ബ്ലോക്കിൽ പാങ്ങോട് തെക്കുംചേരി റോഡ് എന്ന പ്രവൃത്തിയും ആണ് നിലവിൽ പുരോഗമിക്കുന്ന റോഡ് പ്രവൃത്തികൾ |
| (ബി) | പ്രസ്തുത പ്രവൃത്തികളുടെ അടങ്കൽ തുകയും നിലവിലെ സ്ഥിതിയും വെളിപ്പെടുത്തുമോ; | (ബി) | മാലയിൽ മലപ്പുറ്റുർ വൈദ്യൻകുന്ന് റോഡ് എന്ന പ്രവൃത്തിയുടെ അടങ്കൽ തുക 2,54,50,925/- രൂപ ആണ്. ഇതിൽ 150 മീറ്റർ ഒഴിച്ച് ബാക്കി ഭാഗത്ത് ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചു. ഇപ്പോൾ ബേം കോൺക്രീറ്റിന്റെ പ്രവൃത്തികൾ പുരോഗമിക്കുന്നു.<br>പാങ്ങോട് തെക്കുംചേരി റോഡ് എന്ന പ്രവൃത്തിയുടെ അടങ്കൽ തുക 3,62,80,919/- രൂപയാണ്. ടാറിംഗ് പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. മറ്റു പൂർത്തീകരണ പ്രവൃത്തികൾ നടന്നുവരുന്നു. |
| (സി) | അനുമതി ലഭിച്ചിട്ട് തുടങ്ങാത്തതോ തടസ്സപ്പെട്ടിരിക്കുന്നതോ ആയ പ്രവൃത്തികളുടെ വിശദാംശങ്ങൾ നൽകുമോ? | (സി) | അപ്രകാരമുള്ള പ്രവൃത്തികൾ ഇല്ല. |

സെക്ഷൻ ഓഫീസർ